"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കൊടുമൺ ഗ്രാമപഞ്ചായത്തിൽ ഫുൾടൈം സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി. വി.ആർ പ്രേമലതയുടെ പാർട്ട്ടൈം തസ്തികയിലെ നിയമനം മുൻകാല പ്രാബല്യത്തിൽ ക്രമവൽക്കരിച്ച പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1879/2020/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 12/10/2020**

---

പരാമർശം:- 1 സ.ഉ(സാധാ) നം 3009/10/തസ്വഭവ തീയതി 13.09.2010

2 ബഹു. കേരള ഹൈക്കോടതിയുടെ 13.06.2018 ലെ WP(c) 22426/2014 നമ്പർ വിധിന്യായം

3 പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.08.2018 ലെ ഇ3- 2403/07 നം. നടപടിക്രമം.

4 പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.1.2019 ലെ ഇ3- 2403/07 (1) നം. കത്ത്.

5 പഞ്ചായത്ത് ഡയറക്ടറുടെ 14.3.2019, 19.12.2019 തീയതികളിലെ PAN/2585/2019-E9(DP) നം. കത്തുകൾ.

6 പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.8.2019 ലെ ഇ3- 2403/07 നം. കത്ത്.

## ഉത്തരവ്

കൊടുമൺ ഗ്രാമപഞ്ചായത്തിൽ ഫുൾടൈം സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി. വി.ആർ പ്രേമലതയുടെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിലെ നിയമനം പരാമർശം (1) ഉത്തരവ് പ്രകാരം 09.02.2010 പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത തീയതിക്ക് മുൻപ് ടിയാൾക്ക് അധികമായി അനുവദിച്ച തുക തിരികെ അടയ്ക്കുന്നതിന് ടിയാൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകുകയും ആയതിനെതിരെ ടിയാൾ ഫയൽ ചെയ്ത ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പരാമർശം ( 2 ) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരിയുടെ നിയമനം മുൻകാല പ്രാബല്യത്തിൽ ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് നൽകുന്നതിനും ശമ്പളകുടിശ്ശികയും അനുവദനീയമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. വി.ആർ പ്രേമലതയുടെ പാർട്ട്ടൈം തസ്തികയിലെ നിയമനം 18.06.2001 പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് നൽകികൊണ്ടും 18.06.2001 മുതലുള്ള ശമ്പളകുടിശ്ശികയും അനുവദനീയമായ മറ്റ് ആനുകൂല്യങ്ങളും ശ്രീമതി. വി.ആർ പ്രേമലതയ്ക്ക് നൽകുന്നതിന് കൊടുമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും അപ്രകാരം ബഹു. ഹൈക്കോടതി ഉത്തരവ് നടപ്പിൽ വരുത്തിയും പരാമർശം (3) പ്രകാരം പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീമതി. വി.ആർ പ്രേമലയ്ക്ക് 09.02.2010 പ്രാബല്യത്തിൽ ക്രമവൽക്കരണം അനുവദിച്ച് സർക്കാർ ഉത്തരവായിരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിന് സർക്കാരിൽ നിന്നും സാധൂകരണം ആവശ്യമായതിനാൽ പ്രസ്തുത ഉത്തരവിന് സാധൂകരണം നല്കണമെന്ന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷയും അനുബന്ധങ്ങളും പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

മുൻകാല പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമായിട്ടുള്ളതാണ്. ബഹു. ഹൈക്കോടതി ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പകരം പരാതിക്കാരിയെ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (6) പ്രകാരം വിശദീകരിക്കുകയുണ്ടായി. പാർട്ട് ടൈം തസ്തികയിലെ നിയമനം സ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം സർക്കാരിനാണെങ്കിലും ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ ബഹു. ഹൈക്കോടതി നിർദേശിച്ചത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആയതിനാലും നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കി ബഹു. ഹൈക്കോടതി നിർദേശിച്ച സമയപരിധിയിൽതന്നെ ഉത്തരവ് നടപ്പിലാക്കി കോടതിയലക്ഷ്യ നടപടികളിൽ നിന്നും ഒഴിവാകുന്നതിനുംവേണ്ടിയാണ് പരാതിക്കാരിയുടെ നിയമനം ക്രമവൽക്കരിച്ച് ഉത്തരവായിട്ടുള്ളതെന്നും പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം നൽകി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു ശ്രീമതി. വി. ആർ പ്രേമലതയെ 18.06.2001 തീയതി പ്രാബല്യത്തിൽ സർക്കാർ അനുമതിയില്ലാതെ സ്ഥിരപ്പെടുത്തിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ശരിയല്ല. പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി. വി. ആർ പ്രേമലതയെ സർക്കാർ അനുമതിയില്ലാതെ സ്ഥിരപ്പെടുത്തിയതുമൂലം അധിക സാമ്പത്തിക ബാദ്ധ്യത സർക്കാരിന് ഉണ്ടാകുകയാണെങ്കിൽ അത് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽനിന്നും ഈടാക്കണമെന്ന നിബന്ധനയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം ( 3 ) ലെ നടപടിക്രമത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

സെക്രട്ടറി, കൊടുമൺ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ധനകാര്യ വകുപ്പ്(നം. 1212763/Exp-C2/53/2919-FIN തീയതി 19.8.2020പ്രകാരം).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/53/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ